## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ–1342

12/7/2011 – ൽ മറുപടിക്ക്

**ജയിലുകളിൽ ഒളിക്യാമറകളും മൊബൈൽ ജാമറുകളും സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. പി.സി.ജോർജ്:<br>ശ്രീ.തോമസ് ഉണ്ണിയാടൻ :<br>ഡോക്ടർ എൻ.ജയരാജ്: | ശ്രീ. ഉമ്മൻ ചാണ്ടി:<br>( മുഖ്യമന്ത്രി) |
| (എ). ജയിലുകളിൽ ഒളിക്യാമറകളും മൊബൈൽ ജാമറുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി).എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംവിധാനങ്ങൾ ഏതെല്ലാം ജയിലുകളിൽ ഏർപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ; | (എ) യും , (ബി) യും. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ സൂക്ഷ്മ നിരീക്ഷണ ക്യാമറ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ജാമറുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) ഇപ്രകാരം ഏർപ്പെടുത്തിയ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത നിരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; | (സി) പ്രവർത്തനക്ഷമത നിരീക്ഷിച്ചിട്ടുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ഫോൺ ജാമറുകളുടെ പ്രവർത്തനക്ഷമത ബി.എസ്.എൻ.എൽ സബ് ഡിവിഷണൽ എഞ്ചിനിയറുടെ നേതൃത്വത്തിൽ ഉള്ള വിദഗ്ദ്ധ സംഘം ജോയിന്റ് ഇൻസ്പെക്ഷൻ/സർവ്വേ നടത്തുകയുണ്ടായി. |

തിരുവനന്തപുരം സെൻട്രൽ ജയിലിൽ ആകെ സ്ഥാപിച്ചിട്ടുള്ള 88 ക്യാമറകളിൽ 62 എണ്ണം ചിത്രം ഉൾപ്പെടെ കാണാം. ഇതിൽ റെക്കോർഡിംഗ് സംവിധാനം ചെയ്യുന്നത് ഇരുപത്തിരണ്ട് ക്യാമറകളാണ്. പത്തൊൻപത് ക്യാമറകളുടെ എൻകോഡർ തകരാറിലായതിനാൽ മാറ്റി സ്ഥാപിക്കുന്നതിന് കെൽട്രോൺ തിരികെ കൊണ്ടുപോയിരിക്കുകയാണ് ഏഴ് എണ്ണം പൂർണ്ണമായി പ്രവർത്തിക്കുന്നില്ല. ഇവയുടെ തകരാർ പരിഹരിക്കുന്നതിനായി കെൽട്രോണുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നു.

(വി) ഇപ്രകാരം ജയിലുകളിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ജാമറുകൾക്ക് ഏതെങ്കിലും ഘട്ടത്തിൽ തകരാർ സംഭവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(വി) കണ്ണൂർ സെൻട്രൽ ജയിലിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ജാമറുകൾക്ക് ചില അവസരങ്ങളിൽ തകരാറുകൾ സംഭവിക്കുകയും ആയത് കെൽട്രോണിന്റെ വിദഗ്ധ സംഘം പരിശോധിച്ച് തകരാറുകൾ പരിഹരിക്കുകയും ചെയ്തിട്ട്.

| | |
|---|---|
| (ഇ) ജയിലുകളിലെ അനാരോഗ്യ പ്രവണതകൾ കർശനമായി തടയുന്നതിനും നിരന്തരം നിരീക്ഷണത്തിന് വിധേയമാക്കുന്നതിനും പ്രസ്തുത സംവിധാനങ്ങൾ എല്ലാ ജയിലുകളിലും സ്ഥാപിക്കാൻ കർശന നടപടി സ്വീകരിക്കുമോ; | (ഇ) ക്ലോസ്ഡ് സർക്യൂട്ട് ടി.വി.സർവൈലൻസ് സംവിധാനം, മൊബൈൽ ഫോൺ ജാമറുകൾ എന്നിവ സ്ഥാപിക്കുന്നതിനും തകരാറുകൾ പരിഹരിക്കുന്നതിനും ചെലവ് വളരെ കൂടുതലാണ്. കേരളത്തിലെ പ്രധാനപ്പെട്ട ജയിലുകളിൽ അനാരോഗ്യ പ്രവണതകൾ കർശനമായി തടയുന്നതിനുംനിരന്തരം നിരീക്ഷണ വിധേയമാക്കുന്നതിനും വേണ്ടി വിയ്യൂർ സെൻട്രൽ ജയിലിലും കൊല്ലം, തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലാ ജയിലുകളിലും പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ക്ലോസ്ഡ് സർക്യൂട്ട് ടി.വി.സർവൈലൻസ് സംവിധാനം നടപ്പിലാക്കുന്നതിന് 2012-13 വർഷം നാലുകോടി രൂപാ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| | |
|---|---|
| (ഇ) ജയിലുകളിലെ അനാശാസ്യ പ്രവണതകൾ കർശനമായി തടയുന്നതിനും നിരന്തരം നിരീക്ഷണത്തിന് വിധേയമാക്കുന്നതിനും പ്രസ്തുത സംവിധാനങ്ങൾ എല്ലാ ജയിലുകളിലും സ്ഥാപിക്കാൻ കർശന നടപടി സ്വീകരിക്കുമോ; | (ഇ) ക്ലോസ്ഡ് സർക്യൂട്ട് ടി.വി.സർവെയിലൻസ് സംവിധാനം, മൊബൈൽ ഫോൺ ജാമറുകൾ എന്നിവ സ്ഥാപിക്കുന്നതിനും തകരാറുകൾ പരിഹരിക്കുന്നതിനും ചെലവ് വളരെ കൂടുതലാണ്. കേരളത്തിലെ പ്രധാനപ്പെട്ട ജയിലുകളിൽ അനാശാസ്യ പ്രവണതകൾ കർശനമായി തടയുന്നതിനുംനിരന്തരം നിരീക്ഷണ വിധേയമാക്കുന്നതിനും വേണ്ടി വിയ്യൂർ സെൻട്രൽ ജയിലിലും കൊല്ലം, തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലാ ജയിലുകളിലും പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ക്ലോസ്ഡ് സർക്യൂട്ട് ടി.വി.സർവെയിലൻസ് സംവിധാനം നടപ്പിലാക്കുന്നതിന് 2012-13 വർഷം നാലുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ